അരുവിക്കര ഡാം പ്രദേശത്ത് നടന്നതായുള്ള കയ്യേറ്റ ശ്രമം

66 (958) ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ വാട്ടർ അതോറിറ്റിയുടെ അരുവിക്കര ഡാം പ്രദേശത്ത് കെ. ഡബ്ല്യു. എ. യുടെ കൈവശമുള്ള സ്ഥലത്ത് ഏതെങ്കിലും തരത്തിലുള്ള കയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടി പ്രദേശത്ത് ഏതെങ്കിലും സ്ഥാപനങ്ങൾ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) ടി പ്രദേശത്ത് വെൽഡിംഗ്ഷോപ്പ്, വർക്ക് ഷോപ്പ് എന്നിവ പ്രവർത്തിക്കുന്നുണ്ടോയെന്ന് പറയാമോ ;

(ഡി) ഇവ പ്രവർത്തിക്കുന്നത് കെ. ഡബ്ല്യു. എ. യുടെ അനുമതിയോടെ ആണോയെന്നും ഇല്ലെങ്കിൽ ഇവയുടെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) അരുവിക്കര ഡാം പ്രദേശത്ത് കേരളാ വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള സ്ഥലത്ത് അരുവിക്കര അമ്പലത്തിന് മുമ്പിലായി സ്ഥലം കയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഒഴിപ്പിച്ചെടുത്തിട്ടുണ്ട്.

(ബി) അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നില്ല.

(സി) കെ. ഡബ്ല്യു. എ. യുടെ ആവശ്യത്തിലേയ്ക്ക് അടിയന്തിര അറ്റകുറ്റപ്പണികൾ താൽക്കാലികമായി ചെയ്യുന്നതിനുവേണ്ടിയാണ് ഈ വെൽഡിംഗ് വർക്ക്ഷോപ്പ് പ്രവർത്തിക്കുന്നത്.

(ഡി) തിരുവനന്തപുരം ശുദ്ധജലവിതരണ പദ്ധതിയുടെ പ്രധാന അറ്റകുറ്റപ്പണികൾ ചെയ്യേണ്ടി വരുന്ന സാഹചര്യങ്ങളിൽ മാത്രം വെൽഡിംഗ് വർക്ക്ഷോപ്പ് പ്രവർത്തിക്കുന്നു. അറ്റകുറ്റപ്പണികൾ പൂർത്തിയായി കഴിഞ്ഞാൽ വർക്ക്ഷോപ്പ് ആ സ്ഥാനത്ത് ഉണ്ടാവില്ല.

ഭൂമി നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുവാൻ നടപടി

67 (959) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ റിസർവോയറിൽ നിന്നും വെള്ളം കയറുന്നതുമൂലം ഒഴിഞ്ഞുപോയവർക്ക് പകരം ഭൂമി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഓരോരുത്തർക്കും എത്ര വീതം ഭൂമി നൽകിയെന്ന് അറിയിക്കാമോ ;

(സി) ഭൂമി നൽകിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly